# 10.00-10.10

## അനുബന്ധം - 1

**മന്ത്രിയുടെ പ്രസ്താവന**

ഉത്തരത്തിൽ തിരുത്ത്

നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ സംസ്ഥാനത്തിന് മികവ്

(*267) ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. പി. വി. അൻവർ:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീമതി ദലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രഥമ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം കൈവരിച്ച് സംസ്ഥാനത്തിന് നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ മികവ് പുലർത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും വിവര സാങ്കേതികവിദ്യാധിഷ്ഠിത ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനോടൊപ്പം ഡിജിറ്റൽ പഠന വിഭവങ്ങൾ

ഫലപ്രദമായി വിനിയോഗിക്കുന്നതിന് അദ്ധ്യാപകരെയും പഠിതാക്കളെയും പ്രാപ്തരാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) നൂറുദിന പരിപാടിയിൽ അടിസ്ഥാന സൗകര്യ വികസനത്തിൽ കൈവരിച്ച നേട്ടം അറിയിക്കാമോ; അടിസ്ഥാന സൗകര്യ വികസനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര തുക ചെലവഴിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണെങ്കിൽ നൽകാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) ഉണ്ട്. നീതി ആയോഗ് നടത്തിയ പഠനത്തിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങൾ രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. നീതി ആയോഗിന്റെയും കേന്ദ്രമാനവ വിഭവശേഷി വികസന വകുപ്പിന്റെയും സഹായത്തോടെ 2019 സെപ്തംബർ 30- ന് പ്രസിദ്ധീകരിച്ച സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക അനുസരിച്ച് 82.17% സൂചികയോടുകൂടി കേരളം സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്താണ്. ആകെ 965 സ്കോറിൽ 82.17% നേടിയാണ് കേരളം മുന്നിലെത്തിയത്. പഠനനേട്ടങ്ങൾ, ഭൗതിക സാഹചര്യങ്ങളിലെ നേട്ടങ്ങൾ, തുല്യതയിലുള്ള നേട്ടങ്ങൾ, അദ്ധ്യാപക ലഭ്യത, വിദ്യാഭ്യാസ നിർവ്വഹണം, പരിശീലനം, സമഗ്രശിക്ഷാ

കേരളം വഴിയുള്ള വിദ്യാഭ്യാസ രംഗത്തെ പ്രവർത്തന നിർവ്വഹണം എന്നിങ്ങനെ 30 സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് നീതി ആയോഗ് എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും പ്രകടനത്തെ വിലയിരുത്തിയത്.

(ബി) സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനവും ഐ.ടി. അടിസ്ഥാന സൗകര്യ ലഭ്യതയും ഉറപ്പുവരുത്തുന്നതിനോടൊപ്പം ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് സജ്ജമാക്കി ‘ സമഗ്ര’ ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അദ്ധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ക്ലാസ്മുറികളിലെ ഹൈടെക് ഉപകരണങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠവിനിമയം നടത്തുന്നതിന് ഡിജിറ്റൽ വിഭവങ്ങൾ അനിവാര്യമാണ്. പാഠഭാഗങ്ങൾക്കനുസൃതമായി അദ്ധ്യാപകർക്ക് ആവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ സമഗ്ര പോർട്ടലിലൂടെ ലഭ്യമാക്കിയതിനോടൊപ്പം ഈ വിഭവങ്ങൾ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനവും അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇമേജ് എഡിറ്റിംഗ്, ഓഡിയോ-വീഡിയോ റെക്കോർഡിംഗ്

& എഡിറ്റിംഗ്, ഇന്ററാക്ടീവ് വിഭവങ്ങളുടെ നിർമാണം എന്നീ മേഖലകളിൽ അദ്ധ്യാപകർക്ക് കൈറ്റ് പരിശീലനം നൽകിയിട്ടുണ്ട്. ക്ലാസ്മുറികൾ ഹൈടെക്കായതിനൊപ്പം പരമ്പരാഗത അദ്ധ്യാപന രീതിയിലും മാറ്റം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. പാഠാസൂത്രണങ്ങളും സൂക്ഷ്മാസൂത്രണങ്ങളും സാങ്കേതിക വിദ്യാസൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ്മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളും സമഗ്ര വിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്.

(സി) സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി, ധനസഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ 11 സ്കൂൾ കെട്ടിടങ്ങളും 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച 23 സ്കൂൾ കെട്ടിടങ്ങളും പ്ലാൻ ഫണ്ടും മറ്റ് ഫണ്ടുകളും പ്രയോജനപ്പെടുത്തിയുള്ള 58 സ്കൂൾ കെട്ടിടങ്ങളും ഉൾപ്പെടെ 92 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനവും 107 സ്കൂൾ കെട്ടിടങ്ങളുടെ ശിലാസ്ഥാപനവും 14.09.2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

നിർവ്വഹിച്ചു. കൂടാതെ, ഹയർ സെക്കണ്ടറി വിഭാഗം പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ 48 ലാബുകളുടെയും 3 ലൈബ്രറികളുടെയും ഉദ്ഘാടനവും അതോടൊപ്പം നടന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാലയങ്ങൾക്ക് കിഫ്ബി വഴി 5 കോടി, 3 കോടി, 1 കോടി പദ്ധതികളിൽ ഉൾപ്പെടുത്തി 2075.5 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

2016-2017 മുതൽ 2020-2021 വരെ ചെലവഴിച്ച തുകയുടെയും പൂർത്തിയായ പ്രവൃത്തികളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**12.00-12.10**

**അനുബന്ധം-2**

ശ്രീ. റോജി എം.ജോൺ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് നൽകിയ മറുപടി

വ്യവസായ വകുപ്പിന്റെ അധീനതയിൽ അങ്കമാലിയിൽ സ്ഥാപിതമായിട്ടുള്ള ബാംബൂ കോർപ്പറേഷന്റെ ഭൂമിയിൽ ഹെഡ് ഓഫീസ് കെട്ടിടവും, കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററും അതുമായി ബന്ധപ്പെട്ട്

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പനമ്പ് ശേഖരിക്കുന്ന 2 ഗോഡൗണുകളും, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനുമായി സഹകരിച്ചുള്ള തൊഴിൽ പരിശീലനകേന്ദ്രമായ ബാംബൂ ഇന്നവേഷൻ സെന്ററും സ്ഥിതി ചെയ്യുന്നുണ്ട്. ബാംബൂ കോർപ്പറേഷന് ആവശ്യമായ ഈറ്റയും മുളയും കോർപ്പറേഷന്റെ കീഴിലുള്ള വിവിധ കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകളിലേയ്ക്ക് നല്കുന്നതിനുള്ള ഈറ്റ ലോഡുകൾ അങ്കമാലിയിലുള്ള കോർപ്പറേഷന്റെ ഭൂമിയിലാണ് സ്റ്റോക്ക് ചെയ്തു കൊണ്ടിരിക്കുന്നത്. ഇവിടെ ഈറ്റ സംഭരിക്കുന്നതിനും, ഈറ്റ കൈമാറ്റം ചെയ്യുന്നതിനുള്ള വാഹനങ്ങൾക്ക് സുഗമമായി വന്ന് പോവുന്നതിനും ആവശ്യമായ സ്ഥലം പോലും ഇല്ലാതെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ആകയാൽ ബാംബൂ കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് തന്നെ സ്ഥലം പരിമിതമായ സാഹചര്യത്തിൽ ഇ.എസ്.ഐ. ഡിസ്പെൻസറി തുടങ്ങുന്നതിന് സ്ഥലം വിട്ടു നൽകാൻ കഴിയുന്ന സാഹചര്യം നിലവിലില്ല.